# മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## കഠിനംകുളം ഗ്രാമപഞ്ചായത്ത്

വാർഡ്(4)--ചാന്നാങ്കര

പോത്തൻകോട് ബ്ലോക്ക്

തിരുവനന്തപുരം ജില്ല

11/11/19 മുതൽ 18/11/19 വരെ

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 18/11/19

ഉച്ചക്ക് 2 മണി .കഠിനംകുളം ഗ്രാമപഞ്ചായത്ത് ഹാൾ

മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കരേള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോൺ നമ്പർ 0471-2724696.Email.keralasocialaudit@gmail.com

# പോത്തൻകോട് ബ്ലോക്ക്

# കഠിനം കുളം ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 04

# ചാന്നാങ്കര വാർഡ്

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് നിയമം ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2005 സെപ്റ്റംബർ 5 ന് തൊഴിലുറപ്പ് നിയമം പാർലമെന്റ് പാസ്സാക്കി. 2006 ഫെബ്രുവരിയിൽ 2 നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200

ജില്ലകളിലാണ് ആരംഭത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2006 ൽ കേരളത്തിൽ ആദ്യമായി വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാരിദ്ര്യം ലഘൂകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന തൊഴിലുറപ്പു പദ്ധതിയിൽ ഇടനിലക്കാർ ഇല്ല. തുടക്കത്തിൽ 125 രൂപ കൂലിയിൽ നിന്നും ഘട്ടം ഘട്ടമായി 271 രൂപ നിലവിൽ ലഭിക്കുന്നു.

പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ കണക്കു പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്കു പരിശോധന. തൊഴിലുറപ്പ് നിയമം സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് നിഷ്കർഷിക്കുന്നത്. ഫയൽ പരിശോധനയിക്കും ഫീൽഡ് പരിശോധനയിക്കും തൊഴിലാളികളുമായി നടത്തിയ ആശയവിനിമയത്തിന് ശേഷവുമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## ഫയൽ പരിശോധന റിപ്പോർട്ട്

ചാന്നാങ്കര വാർഡിൽ 427 തൊഴിൽ കാർഡ് ഗുണഭോക്താക്കൾ ഉള്ളതിൽ 57 ആക്റ്റീവ് തൊഴിലാളികളാണ് ഉള്ളത്. ഇവരിൽ 36 പേർക്ക് 100 പണി ലഭിച്ചു.

ലൈഫ് ഭവന നിർമ്മാണ ഗുണഭോക്താക്കൾ: സീജ

വ്യക്തിഗത കക്കൂസ് നിർമാണ ഗുണഭോക്താക്കൾ : ഷക്കീല, ഷിജിന, നസീല, മല്ലിക.

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചലവായത് |
| IF/377887 | 28/01/19 | 04/06/19 | 25, 000 | 16,802 |
| RS/335594 | 25/09/18 | 01/10/18 | 12,000 | 12,000 |
| RS/336574 | 20/10/18 | 26/10/18 | 12, 000 | 12,000 |
| RS/335578 | 02/09/18 | 08/09/18 | 12,000 | 12,000 |
| RS/335591 | 25/09/18 | 01/10/18 | 12,000 | 12,000 |

ലൈഫ് ഭവന നിർമാണവുമായി ബന്ധപ്പെട്ട ഒരു ഫയലും വ്യക്തിഗത കക്കൂസ് നിർമാണവുമായി ബന്ധപ്പെട്ട 4 ഫയലുകളും ആണ് ഞങ്ങൾ പരിശോധിച്ചത്. അതിൽ നിന്നും മനസിലാക്കിയ കാര്യങ്ങൾ താഴെ പറയുന്നു;

കവർ പേജ്

AMC പ്രകാരമുള്ള രഖേകൾ അടങ്ങിയ  കവർപജേ് ഉണ്ടായിരുന്നു. എന്നാൽ ലൊക്കഷേൻ, നിയോജക മണ്ഡലം, വില്ലജേ്, implementing ഏജൻസി,  ജിയോ ടാഗിംഗ് അസറ്റ് ഐഡി , വർക്ക് അസറ്റ്  ഐഡി, ജിപിഎസ് ലൊക്കഷേൻ എന്നിവ ഇല്ലായിരുന്നു.

ചക്കെ് ലിസ്റ്റ്

ചക്കെ്ലിസ്റ്റ്  ഉണ്ടായിരുന്നു. പജേ് നമ്പർ  രഖേപ്പടുെത്തിയിട്ടില്ല

ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നു.

സാങ്കതേികാനുമതി  ഉണ്ടായിരുന്നു.

ഭരണാനുമതി ഉണ്ടായിരുന്നു. secure ൽ നിന്നും ലഭ്യമാകുന്ന കോപ്പി ആണ്, എന്നാൽ സക്രെട്ടറിയുടെ ഒപ്പോ സീലോ തീയതിയോ രഖേപ്പടുെത്തിയിട്ടില്ല.

ഡീറ്റയെിൽഡ്  എസ്റ്റിമറേ്റ്  ഉണ്ടായിരുന്നു.

ഡ്രോയിങ്സ് ആൻഡ്  ഡിസനൈ് ഉൾപ്പടുെത്തിയിരുന്നു.

തൊഴിൽ  ആവശ്യപ്പടെ്ടുകൊണ്ടുള്ള  ഫോറം ഉണ്ടായിരുന്നു എങ്കിലും അതിൽ എന്നാണ് ആവശ്യപ്പടെ്ടത് എന്ന് തിയതി കാണിച്ചിട്ടില്ല.

തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം അപൂർണ്ണമായിരുന്നു. കൂടാതെ അതിൽ സക്രെട്ടറിയുടെ ഒപ്പ്, സീൽ, തിയതി എന്നിവയൊ രഖേപ്പടുെത്തിയിട്ടില്ല.

മസ്റ്റർ റോൾ

5 ഫയലുകളിലായി 13 അവിധഗ്ദ മസ്റ്റർ റോളുകളും 4 വിദഗ്ധ മസ്റ്റർ റോളുകളും ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ, പജേ് നമ്പർ എന്നിവ രഖേപ്പടുെത്തിയിട്ടില്ല.

മസ്റ്റർ റോളിൽ ഒന്നും തന്നെ വർക്ക് സ്റ്റാർട്ട് ഡേറ്റ് കാണിച്ചിട്ടില്ല. പഞ്ചായത് സെക്രട്ടറി, ബി ഡി ഒ എന്നിവരുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

ഫയൽ ടാകിംഗ് ഫോം

wage list ഉണ്ടായിരുന്നു, എന്നാൽ അക്കൗണ്ടന്റ്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പിട്ടിട്ടില്ലായിരുന്നു.

FTO ഉണ്ടായിരുന്നു.

ത്രീ സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നില്ല.

ജിയോടാഗ് ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തിട്ടിയിട്ടുണ്ട്.

വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഭാഗികം ആയിരുന്നു.

വ്യക്തിഗത ഗുണഭോക്താക്കളുള്ള പ്രവൃത്തി ആയതിനാൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

M book ഉണ്ടായിരുന്നു.

IHHL ഫയലുകളിലെ M ബുക്കിൽ വർക്ക് കോഡ് രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ, വേജ് ലിസ്റ്റ് എന്നിവ പ്രകാരം M book tally ആയിരുന്നു.

മെറ്റീരിയൽ ലിസ്റ്റ് ഉണ്ടായിരുന്നു.

MIS ഇൽ നിന്നും ഡൌൺലോഡ് ചെയ്ത കോപ്പി ആണ് വച്ചിരുന്നത്.

# ഫീൽഡ് പരിശോധന റിപ്പോർട്ട്

2018-19 കാലയളവിൽ ചെയ്ത 4 വ്യക്തിഗത കക്കൂസ് നിർമാണം -

IHHL, ഒരു ലൈഫ് ഭവനം എന്നീ ഫയലുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ഫീൽഡ് പരിശോധനയിൽ ;

IHHL ഗുണഭോക്താക്കളായ ഷക്കീല, നസീല, ഷിജിന, മല്ലിക, ലൈഫ് ഗുണഭോക്താവായ സീജയയെും നേരിൽ കണ്ടു.

വ്യക്തിഗത ഗുണഭോക്താക്കൾ ഉള്ള ഈ പ്രവർത്തികൾ എല്ലാം പണി പൂർത്തീകരിച്ച നിലയിലാണെന്ന് മനസിലാക്കാൻ കഴിഞ്ഞു.

എല്ലാ പ്രവർത്തികളിലും മുഴുവൻ തുകയും ലഭിച്ചതായി അറിയാൻ കഴിഞ്ഞു.

# ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്

12/11/2019 രാവിലെ 11 മണിക്ക് തൊഴിലാളികളെല്ലാം ഫാത്തിമ ഓഡിറ്റോറിയത്തിനു മുന്നിലെത്തുകയും തുടർന്ന് ഒരു വി ആർ പി 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും മറ്റു വി ആർ പിമാർ തൊഴിൽ കാർഡ് പരിശോധന നടത്തുകയും ചെയ്തു. തൊഴിലാളികൾക്ക് ആർക്കും അവരുടെ പത്ത് അവകാശങ്ങൾ കൃത്യമായി ലഭിക്കുന്നില്ല എന്ന് ഒരു പരാതി പൊതുവിൽ ഉയർന്നു. തൊഴിലാളികളുടെ ഒപ്പ്, തൊഴിൽ ലഭിക്കാത്തതിന്റെ വിവരങ്ങൾ എന്നിവ അപൂർണമായ രീതിയിലായിരുന്നു.

ഫീൽഡ് പരിശോധനയിൽ നിന്നും മനസ്സിലാക്കിയ മറ്റൊരു കാര്യം ഈ

വാർഡിൽ 57 ആക്ടീവ് തൊഴിൽകാർഡ് അംഗങ്ങൾ ഉള്ളതിൽ 39 തൊഴിലാളികളെ മാത്രമേ നേരിൽ കാണാൻ സാധിച്ചുള്ളൂ, മറ്റുള്ളവർ ഇപ്പോൾ വർക്ക് ഇല്ലാത്തതിനാൽ മറ്റു ജോലികൾക്കു പോകുന്നു. അതിൽ 36 ഓളം തൊഴിലാളികൾക്ക് 100 പണി ലഭിച്ചു എന്ന് അറിയാൻ കഴിഞ്ഞു. 100 പണി പൂർത്തിയായിട്ടും 4/86 ഷൈനി, 4/27 നുസൈഫ, 4/53 തങ്കമണി എന്നിവർക്ക് 1000 രൂപ അക്കൗണ്ടിൽ ലഭിച്ചില്ല എന്ന് ഒരു പരാതി ഉയർന്നു. സൈറ്റുകളിൽ ഒന്നും തന്നെ ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപോളിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ലഭ്യമായിരുന്നില്ല എന്ന് തൊഴിലാളികൾ പറഞ്ഞു.

കൂടാതെ RS/335578 - IHHL, IF/377887 - ലൈഫ് ഭവനം തുടങ്ങിയവയിൽ സിഐബി കാണാൻ കഴിഞ്ഞില്ല.

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

വാർഡ് : ചാന്നാങ്കര (4 )

തീയതി : 18/11/2019

സ്ഥലം : കഠിനംകുളം ഗ്രാമപഞ്ചായത്ത് ഹാൾ

സമയം : ഉച്ചയ്ക്ക് 2 മണി

**അജണ്ട**

അധ്യക്ഷയെ തെരെഞ്ഞെടുക്കൽ

ഈശ്വര പ്രാർത്ഥന

ഭരണഘടനാ പ്രതിജ്ഞ

സ്വാഗതം

റിപ്പോർട്ട് അവതരണം

ചർച്ച

തീരുമാനങ്ങൾ

കൃതജ്ഞത

## റിപ്പോർട്ട്

18/11/2019 തിങ്കളാഴ്ച ഉച്ചയ്ക്ക് 2.30 ന് കഠിനംകുളം

ഗ്രാമപഞ്ചായത്ത് ഹാളില്‍ വച്ച് ചാന്നാങ്കര (4) വാര്‍ഡിലെ സോഷ്യല്‍ ഓഡിറ്റ് ഗ്രാമസഭ നടന്നു. യോഗത്തില്‍ 38 അംഗങ്ങള്‍ പങ്കെടുത്തു. യോഗത്തിന് അധ്യക്ഷ സ്ഥാനത്തേക്ക് 100 പണിപൂര്‍ത്തിയായ ശ്രീമതി സീനത്തിനെ തെരഞ്ഞെടുത്തു. ശേഷം ഈശ്വരപ്രാര്‍ത്ഥനയോട് കൂടി യോഗപരിപാടികള്‍ ആരംഭിച്ചു. വി. ആര്‍. പി അരുണിമ ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുക്കയും എല്ലാവരും ഏറ്റു ചൊല്ലുകയും ചെയ്തു. തുടര്‍ന്ന് ബഹുമാനപ്പെട്ട വാര്‍ഡ് മെമ്പര്‍ ശ്രീമതി നസീമ കബീര്‍ സ്വാഗതം പറയുകയും, പഞ്ചായത്ത് പ്രസിഡന്‍റ് ശ്രീമാന്‍ പി. ഫെലിക്സ് ആശംസ പറയുകയും ചെയ്തു. തുടര്‍ന്ന് സോഷ്യല്‍ ഓഡിറ്റ് ഗ്രാമസഭയെക്കുറിച്ചും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും വി. ആര്‍. പി. സുചിത്ര ആമുഖപ്രസംഗം നടത്തുകയും വി. ആര്‍. പി ഗീതു തൊഴിലാളികള്‍ക്ക് അവരുടെ 10 അവകാശങ്ങളെക്കുറിച്ചു പറഞ്ഞു മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. തുടര്‍ന്ന് വി. ആര്‍. പി അനീഷ റിപ്പോര്‍ട്ട് അവതരിപ്പിക്കുകയും ചെയ്തു. റിപ്പോര്‍ട്ട് അവതരണത്തിന് ശേഷം ചര്‍ച്ചാവേളയില്‍ എല്ലാ തൊഴിലാളികളും പങ്കെടുത്തു.

## **ചര്‍ച്ച**

* നബീസത്ത് :- നൂറു ദിവസം പണി പൂര്‍ത്തിയായിട്ടും 1000 രൂപ ലഭിച്ചില്ല.

* മല്ലിക :- IHHL ന്റെ മൊത്തം പൈസ കിട്ടിയില്ല.

* ലൈല :- ജോലി സമയം 9 മണി മുതൽ 4 മണി വരെ ആക്കണം.

* സുനിത :- തൊഴിലുറപ്പ് വേതനം 276 രൂപയിൽ നിന്നും 400 രൂപയായി ഉയർത്തണം.

* നുഫൈസ :- യൂണിഫോം വേണം

* നളിനി :- സൈറ്റുകളിൽ ടാർപ്പോളിൻ, ഫസ്റ്റ് എയ്ഡ് ബോക്സ്, മാറ്റിന്റെ യാത്രാക്കൂലി, ഫോട്ടോ എടുക്കാനുള്ള പൈസ എന്നിവ കിട്ടണം.

* സലീന :- 150 പണി കിട്ടണം.

* റംല ബിബി :- ഒരു റേഷൻ കാർഡിന് രണ്ട് തൊഴിൽ കാർഡ് കിട്ടുമോ?

* ആനന്ദവല്ലി:- അസുഖമുള്ളവർക്ക് തൊഴിലുറപ്പിൽ നിന്നും ആനുകൂല്യം ലഭിക്കുമോ?

* സീനത്ത് :- 100 ദിവസം പണി പൂർത്തിയായിട്ടും 1000 രൂപ ലഭിച്ചില്ല.

* ആനന്ദവല്ലി :- തൊഴിൽ ചെയ്യാൻ പുരയിടം കൊടുക്കുന്നില്ല.

## മറുപടി

ഓവർസിയർ :-

100 ദിവസം പണിപൂർത്തിയായ അവരുടെ ലിസ്റ്റ് കറക്റ്റ് ആയി അപ്ലോഡ് ചെയ്തിട്ടുണ്ട്. പാസ്ബുക്ക് ബാങ്കിൽ പോയി പതിപ്പിച്ചു നോക്കുക, തൊഴിൽ കാർഡ് എടുത്ത് സമയത്ത് കൊടുത്ത അക്കൗണ്ട് നമ്പറിൽ കുറച്ചുപേർക്ക് പൈസ വന്നിട്ടുണ്ട് അത് പരിശോധിച്ചുനോക്കുക, ഇല്ലങ്കിൽ ഓഫീസുമായി ബന്ധപ്പെടുക.

ജോലിസമയം, വേതനം എന്നിവയിൽ മാറ്റം വരുത്തുവാൻ പഞ്ചായത്ത് അധികാരികൾക്ക് അവകാശമില്ല. അതിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിന് മാത്രമേ അവകാശമുള്ളു. ഇപ്പോൾ ഉള്ള നിയമം അനുസരിച്ച് മാത്രമേ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

IHHL ൽ ഫോട്ടോഗ്രാഫ് കാണിച്ചാൽ മാത്രമേ പൈസ കിട്ടുകയുള്ളൂ. ബാങ്കിൽ പോയി പാസ്ബുക്ക് പതിപ്പിച്ചു നോക്കുക.

ഒരു റേഷൻ കാർഡിന് ഒരു തൊഴിൽ ബുക്ക് മാത്രമേ എടുക്കാൻ കഴിയുകയുള്ളു. അതിൽ 18 വയസ്സ് പൂർത്തിയായ റേഷൻകാർഡിൽ പേരുള്ള ആർക്കുവേണമെങ്കിലും അംഗമാകാം. ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ പണി കുടുംബത്തിനു ലഭിക്കും.

അടിസ്ഥാനസൗകര്യങ്ങൾ സ്റ്റെറിൽ ലഭ്യമാക്കാൻ എപ്പോഴും പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇപ്പോൾ

കയ്യുറ, കാലുറ എന്നിവ വാങ്ങിയിട്ടുണ്ട്. അവ ഉടൻ തന്നെ സൈറ്റുകളിൽ എത്തിക്കും.

ആസ്തി വികസനപ്രവർത്തി ഉള്ള വർക്ക് മാത്രമേ ചെയ്യാൻ പാടുള്ളൂ. ഭൂവികസനം പോലുള്ള വാർക്കുകൾ വളരെ കുറച്ചു മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ. നിങ്ങൾ ജോലി കണ്ടെത്തി കൊണ്ടുവരുക. ബിപിഎൽ, വിധവാ, അംഗവൈകല്യം സംഭവിച്ച കുടുംബാംഗങ്ങൾ എന്നിവരുടെ പുരയിടത്തിൽ ജോലി ചെയ്തതിനു ശേഷം മാത്രമേ എപിഎൽ പുരയിടങ്ങളിൽ ജോലി ചെയ്യാൻ പറ്റുകയുള്ളു.

യൂനിഫോമിന്റെ കാര്യം ഗ്രാമസഭയിൽ പ്രസിഡന്റനെയും വാർഡ് മെമ്പറിന്റെയും സാന്നിധ്യത്തിൽ ചർച്ച ചെയ്യുക.

ചർച്ചക്ക് ശേഷം തൊഴിലാളിയായ സുനിത യോഗത്തിൽ കൃതജ്ഞത രേഖപ്പെടുത്തി. ദേശീയഗാനത്തോട് കൂടി യോഗ പരിപാടികൾ അവസാനിച്ചു.